# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 3794 — 31-01-2014-ൽ മറുപടിക്ക്

### കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി ചാർജ്ജിൽ ഇളവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ വൈദ്യുതി ചാർജിൽ ഇളവ് അനുവദിക്കാത്തതിനാൽ കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം കണക്കിലെടുത്ത് ഇത്തരം പദ്ധതികൾക്ക് ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;<br><br>ബി) പ്രസ്തുത വിഷയം സംബന്ധിച്ച് കൃഷി വകുപ്പുമായും ജലവിഭവ വകുപ്പുമായും ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ചർച്ചകൾ നടത്തി പ്രശ്ന പരിഹാരത്തിന് നടപടി സ്വീകരിക്കുമോ ? | (എ) (ബി) സംസ്ഥാനത്ത് എൽ.ടി. വിഭാഗത്തിൽ വൈദ്യുതി കണക്ഷൻ എടുത്ത്, ലിഫ്റ്റ് ഇറിഗേഷൻ ഉൾപ്പെടെയുള്ള കാർഷികാവശ്യത്തിന് വൈദ്യുതി ഉപയോഗിക്കുന്ന കർഷകർക്ക് 2012-13 മുതലുള്ള വൈദ്യുതി ചാർജ്ജ് വർദ്ധന ഗവൺമെന്റ് സബ്സിഡി നൽകി ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ എച്ച്.ടി വിഭാഗത്തിൽ വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ള വൻകിട ഉപഭോക്താക്കൾക്ക് ഇളവ് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ